പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6469 9/07/2014-ൽ മറുപടിക്ക്

# വൈദ്യുതപദ്ധതികളിൽ നിന്നുള്ള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്രയെന്ന് വ്യക്തമാക്കുമോ; | (എ) 30.06.2014-ലെ കണക്കു പ്രകാരം **2894.72** മെഗാവാട്ടാണ്. |
| (ബി) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വൈദ്യുതി ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സ്ഥാപിത ശേഷിയുടെ 96.23% ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. |
| (സി) ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;<br>(ഡി) ഇതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) യും (ഡി) യും<br>പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (4X8 MW to 4X9 MW) യുടെ 8MW ശേഷിയുള്ള 4 ജനറേറ്ററുകളുടെ (4X8 MW) ആധുനികവത്കരണത്തിനും ഉൽപ്പാദന ശേഷി (4X9 MW) ആയി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പണികൾ പുരോഗമിച്ചു വരുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ (2015 മെയ് മാസത്തോടെ) നിലവിലുള്ള ശേഷി 32 മെഗാവാട്ടിൽ നിന്നും 36 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീന്റെ നവീകരണം പൂർത്തകരിച്ച് 9 മെഗാവാട്ട് ശേഷിയിൽ 15.04.2014 മുതൽ ഉൽപ്പാദനം തുടങ്ങി.<br>കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ |

സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതാ പഠനവും RLA പഠനവും പൂർത്തീകരിച്ചിട്ടുണ്ട്.

ശേഷിക്കുന്ന പദ്ധതികളുടെ നവീകരണം നടപ്പിലാക്കുന്ന സമയത്ത് ശേഷിവർദ്ധനവിന്റെ സാധ്യതകൂടി നവീകരണത്തിനു മുന്നോടിയായുള്ള പഠനത്തിൽ ഉൾപ്പെടുത്തി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ. സ്വകാര്യപങ്കാളിത്തത്തോടു കൂടി BOOT അടിസ്ഥാനത്തിൽ 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[redacted] **സെക്ഷൻ ഓഫീസർ**